ശ്രീ. ഇ. പി. ഈപ്പൻ: ഒരു മറുപടി പറഞ്ഞിട്ടില്ല. ടെക്നിക്കലായി യോഗ്യതയുള്ളവർ ബോർഡിൽ ഒരാൾ മതിയോ, വേറൊരാൾകൂടി വേണമോ എന്നുള്ളതിനു മറുപടി പറഞ്ഞിട്ടില്ല.

ശ്രീ. വി. ആർ. കൃഷ്ണയ്യർ: ആക്റ്റിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശം ടെക്നിക്കലി ക്വാളിഫൈഡായി ഒരാളെങ്കിലും വേണമെന്നാണ്. ഇപ്പോൾ ബോർഡിന്റെ ചെയർമാനായിരിക്കുന്നത് ഒരു വിദഗ്ദ്ധനാണ്. അങ്ങനെ ടെക്നിക്കലി ക്വാളിഫൈഡായിട്ടുള്ള വിദഗ്ദ്ധന്മാർ ധാരാളമായി നമ്മുടെ നാട്ടിലില്ല. അപ്പോൾ രണ്ടുമൂന്നുപേരെ അവിടെ ഇരുത്തിക്കൊണ്ടിരിക്കാൻ നിവൃത്തിയില്ല. സെക്രട്ടറിയുടെ ജോലി അഡ്മിനിസ്ട്രേറ്റീവായിട്ടുള്ളതാണ്. ആ അടിസ്ഥാനത്തിൽ മദ്രാസിൽ ഒരു ഡെപ്യൂട്ടി സെക്രട്ടറിയാണ് സെക്രട്ടറിയുടെ ജോലി നിർവ്വഹിക്കുന്നത്. അതുപോലെ ഇവിടെയും ഒരു ഡെപ്യൂട്ടി കളക്റ്ററുടെ ഗ്രേഡിൽ ഒരാളെ നിയമിക്കുവാൻ തീർച്ചയാക്കിയിരിക്കുകയാണ്. ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി വളരെ സൂക്ഷ്മമായി പരിശോധിച്ചു നല്ല നിലയിൽ പ്രവർത്തിപ്പിക്കുവാൻ കഴിയുന്നതും ശ്രമിക്കുന്നതാണെന്ന് ഞാൻ ഗവണ്മെന്റുഭാഗത്തുനിന്നും ഉറപ്പു നൽകുന്നു. ഈ ഉപധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. രാജഗോപാലൻ നായർ: ബോർഡിന്റെ സ്ഥാപനം വേണമെന്നും വേണ്ടെന്നും, ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും, അഭിപ്രായപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് അതു അംഗീകരിച്ച്, ഈ സഭയിൽ ഒരു പ്രമേയം കൊണ്ടുവന്ന് അംഗീകരിച്ച്, ഈ സഭയുടെ വിവിധഭാഗങ്ങളിലുള്ള അഭിപ്രായമെന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

**Mr. Speaker:** If the Minister is prepared to answer the question, he can do so.

ശ്രീ. വി. ആർ. കൃഷ്ണയ്യർ: കേരളത്തിൽ മാത്രം അങ്ങനെയൊരു അഭിപ്രായം ഉണ്ടായാൽ പോരാ തെക്കെ ഇൻഡ്യയിലുള്ള മററു സംസ്ഥാനങ്ങളിൽനിന്നും, ഇത്തരം അഭിപ്രായം ഉണ്ടാകുന്നപക്ഷം അതിനു നിശ്ചയമായും ആവശ്യമായ നടപടികൾ എടുക്കുന്നതിന് ഈ ഗവണ്മെന്റ് ഒരുക്കമാണ്.

**Mr. Speaker:** Order, order. Time is up. I am going to put all the Demands to vote.

The question that a supplementary sum not exceeding Rs. 3,53,96,200 be granted under Demand XLIV — P. Loans and Advances by State Government was put and carried.

The grant was made.

**v. Demand X — 25. General Administration.**

The question that a supplementary sum not exceeding Rs.11,100 be granted under Demand X — 25. General Administration was put and carried.

The grant was made.

**vi. Demand XI — 25. General Administration — C. Elections.**

The question that a supplementary sum not exceeding Rs.9,300 be granted under Demand XI — 25. General Administration — C. Elections, was put and carried.

The grant was made.

**vii. Demand XII — 25. General Administration.**

**G. District Administration**

The question that a supplementary sum not exceeding Rs. 5,83,400 be granted under Demand XII — 25. General Administration — G. District Administration, was put and carried.

The grant was made.

LIBRARY ARCHIVES Kerala Legislative Assembly